"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം പുനുക്കന്നൂർ എസ്.കെ.വി.എൽ.പി.എസ്. മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.**8860/2025/GEDN** തീയതി,തിരുവനന്തപുരം, **23-10-2025**

---

പരാമർശം:-
1. സ.ഉ (കൈ)നം.**54/2024**/പൊ.വി.വ തീയതി,**01.06.2024**
2. പുനുക്കന്നൂർ എസ്.കെ.വി.എൽ.പി.എസ്. മാനേജർ **27.02.2025** തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി
3. കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **03.05.2025**-ലെ **AEOKND/187/2025**-ഡി നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **03.05.2025** ലെ **F(4)/91312/2025/DGE** നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം പുനുക്കന്നൂർ എസ്.കെ.വി.എൽ.പി.എസ്. മാനേജർ **27.02.2025** തീയതിയിൽ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം **05.05.2025** തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ടി സ്കൂളിൽ എൽ.പി.എസ്.ടി. തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. ഉണ്ണികൃഷ്ണൻ എസ്.ന് **01.06.2023** മുതൽ നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

<u>**2. മാനേജരുടെ വാദങ്ങൾ ചുവടെ കൊടുക്കുന്നു :**</u>

**(i)** ടി സ്കൂളിൽ **2022-23** വർഷം **5** ഡിവിഷനും **5** എൽ.പി.എസ്.ടി. തസ്തികകളും

നിലനിന്നിരുന്നു.

**(ii)** **2022-23** വർഷം ഒരു അധിക എൽ.പി.എസ്.ടി. തസ്തികയ്ക്ക് സാധ്യതയുള്ളതിനാൽ അധികതസ്തിക സർക്കാരിലേക്ക് ശിപാർശ ചെയ്തിരുന്നു.

**(iii)** ടി സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി ജോളി എം. സംരക്ഷിതാധ്യാപികയായി പുനർവിന്യസിക്കപ്പെട്ടിരുന്നു.

**(iv)** ടി സ്കൂളിലെ പ്രധാനാധ്യാപകൻ **31.05.2023**-ൽ വിരമിച്ച ഒഴിവിൽ സീനിയർ എൽ.പി.എസ്.ടി. ശ്രീ. ഇല്ലിസ് കെ.എം.പണിക്കർക്ക് പ്രൊമോഷൻ നൽകുകയും ടി ഒഴിവിൽ സംരക്ഷിത അധ്യാപികയായ ശ്രീമതി ജോളി എം.നെ **01.06.2023** മുതൽ നിയമിക്കുകയും ചെയ്തു.

**(v)** ശ്രീ ഉണ്ണികൃഷ്ണൻ എസ്.നെ **01.06.2023** മുതൽ പ്രതീക്ഷിത എൽ.പി.എസ്.ടി. തസ്തികയിൽ നിയമിച്ചു.

**(vi)** **2022-23**-ലെ അധിക എൽ.പി.എസ്.ടി. തസ്തിക **01.10.2022** മുതൽ മുൻകാല പ്രാബല്യത്തിൽ **15.07.2023**-ലെ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയതിനെ തുടർന്ന് ചട്ടം **51**എ അവകാശിയായ സംരക്ഷിത അധ്യാപിക ശ്രീമതി ജോളി എം.നെ അധിക തസ്തികയിലേക്കും, ടി അധികതസ്തികയിൽ നിലനിന്നിരുന്ന ശ്രീ.ഉണ്ണികൃഷ്ണൻ എസ്.നെ ശ്രീ. ഇല്ലിസ് കെ.എം.പണിക്കരുടെ പ്രൊമോഷൻ ഒഴിവിലേക്കും മാറ്റി നിയമിച്ച് നിയമന പുനഃക്രമീകരണം നടത്തി.

**(vii)** പ്രൊപ്പോസൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം വിദ്യാഭ്യാസ ഉപഡയറക്ടർ മാപ്പാക്കി നൽകിയിട്ടുണ്ട്.

**(viii)** പ്രൊപ്പോസൽ പ്രകാരമുള്ള നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ജില്ലാ വിദ്യാഭ്യാസ ഓഫീസറും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിച്ചിരുന്നു. **2022-23**-ലെ അധിക തസ്തിക അനുവദിച്ച് ഉത്തരവാകുന്നത് **15.07.2023**-ൽ ആയതിനാൽ അതിന്റെ പ്രാബല്യം **15.07.2023** മുതലാണെന്നും വിരമിക്കൽ ഒഴിവ് **01.06.2023**-ലാണെന്നുമുള്ള കാരണത്താലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ നിരസിച്ചത്. ഇത് **KER** അധ്യായം

XXIII ചട്ടം 12 ഉപചട്ടം (3) ന് വിരുദ്ധമാണ്.

(ix) 2022-23-ലെ അധിക തസ്തിക അനുവദിച്ചു നൽകിയതിലുണ്ടായ കാലതാമസത്താലാണ് 01.06.2023-ലെ പ്രൊമോഷൻ ഒഴിവിൽ സംരക്ഷിത അധ്യാപികയെ നിയമിക്കേണ്ടി വന്നത്. ടി തസ്തിക 01.10.2022 മുതൽ മുൻകാല പ്രാബല്യത്തിൽ അനുവദിച്ചു നൽകിയിട്ടുള്ളതിനാൽ ശ്രീമതി ജോളി എം.നെ ടി തസ്തികയിൽ 01.06.2023 മുതൽ ക്രമീകരിച്ച നടപടി KER അധ്യായം XXI ചട്ടം 7(2) അനുസരിച്ച് അംഗീകരിക്കണമെന്നും ശ്രീ ഉണ്ണികൃഷ്ണൻ എസ്.ന്റെ ശ്രീമതി ഇല്ലിസ് കെ.എം.പണിക്കർക്ക് പ്രധാനാധ്യാപക തസ്തികയിൽ പ്രൊമോഷൻ നൽകിയതുമൂലമുണ്ടായ ഒഴിവിൽ 01.06.2023 മുതലും അംഗീകരിക്കണമെന്നുമാണ് മാനേജർ ആവശ്യപ്പെടുന്നത്.

<u>3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :</u>

(i) ടി സ്കൂളിലെ 2023-24-ലെ പ്രതീക്ഷിത അധിക തസ്തികയിൽ ശ്രീ. ഉണ്ണികൃഷ്ണനെ 01.09.2022-ൽ നിയമിച്ചെങ്കിലും ടി സ്കൂളിൽ നിന്നും സംരക്ഷിത അധ്യാപികയായി കണ്ണനല്ലൂർ എം.ജി.യു.പി.എസ്.ൽ സേവനം തുടരുന്ന എൽ.പി.എസ്.ടി. ശ്രീമതി എം.ജോളിയെ മാതൃസ്കൂളിലേക്ക് തിരികെ വിളിച്ചിട്ടില്ലാത്തതിനാൽ ശ്രീ ഉണ്ണികൃഷ്ണന്റെ നിയമനം നിരസിക്കപ്പെട്ടു.

(ii) ടി സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി ഇല്ലിസ് പണിക്കർക്ക് 01.06.2023-ന് പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീമതി ജോളി എം.നെ മാതൃവിദ്യാലയത്തിൽ തിരികെ പ്രവേശിപ്പിച്ചു. എന്നാൽ 01.10.2022 പ്രാബല്യത്തിൽ അനുവദിച്ച അധിക തസ്തികയിൽ ശ്രീ. ഉണ്ണികൃഷ്ണനെ മാനേജർ വീണ്ടും നിയമിച്ചുവെങ്കിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

(iii) ടി സ്കൂളിൽ 15.07.2023-ലെ ഉത്തരവ് പ്രകാരം 01.10.2022 പ്രാബല്യത്തിൽ അധിക തസ്തിക അനുവദിക്കുകയും 01.06.2023-ൽ വിരമിക്കൽ ഒഴിവ് ലഭ്യമാക്കുകയും ചെയ്തു.

(iv) ആദ്യം ഉണ്ടായ വ്യവസ്ഥാപിത3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ

റിപ്പോർട്ട് ഇപ്രകാരമാണ് : ഒഴിവ് എന്ന നിലയിൽ ശ്രീമതി ജോളി എം.നെ വിരമിക്കൽ ഒഴിവിൽ നിയമിച്ച നടപടി ക്രമപ്രകാരമാണ്. അതിനാൽ **01.10.2022** തീയതി മുൻകാല പ്രാബല്യത്തിൽ അനുവദിച്ച അധിക തസ്തികയിൽ ശ്രീമതി ജോളിയെയും വിരമിക്കൽ ഒഴിവിൽ ശ്രീ. ഉണ്ണികൃഷ്ണനെയും **01.06.2023** പ്രാബല്യത്തിൽ ക്രമീകരിച്ച നടപടി പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചിരുന്നു.

**(v) 2022-23** വർഷത്തെ അധിക തസ്തിക **01.10.2022** മുതൽ മുൻകാല പ്രാബല്യത്തിൽ അനുവദിച്ചിട്ടുള്ളതിനാൽ സംരക്ഷിത അധ്യാപിക ശ്രീമതി ജോളി എം.നെ ക്രമീകരിക്കുന്നതിനും **01.06.2023** മുതലുള്ള വിരമിക്കൽ ഒഴിവിലെ ശ്രീ. ഉണ്ണികൃഷ്ണന്റെ നിയമനം അംഗീകരിക്കുന്നതിനും അനുമതി നൽകാവുന്നതാണ്.

4.സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, സമർപ്പിക്കപ്പെട്ട രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. **2022-23** വർഷത്തെ അധിക തസ്തിക **01/10/2022** മുതൽ മുൻകാല പ്രാബല്യത്തിൽ അനുവദിച്ചിട്ടുള്ളതിനാൽ സംരക്ഷിത അധ്യാപികയായ ശ്രീമതി ജോളി എം. നെ പ്രസ്തുത അധിക തസ്തികയിൽ ക്രമീകരിക്കുന്നതിനും, **01/06/2023** മുതലുള്ള വിരമിക്കൽ ഒഴിവിലെ ശ്രീ. ഉണ്ണികൃഷ്ണന്റെ നിയമനം അംഗീകരിക്കുന്നതിനും അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു നിർദേശം നൽകി അപ്രകാരം എസ്.കെ.വി.എൽ.പി.എസ് സ്കൂൾ പുനുക്കന്നൂർ, മാനേജർ **27.02.2025** തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുണ്ടറ

മാനേജർ, എസ്.കെ.വി.എൽ.പി.എസ്  സ്കൂൾ പുനുക്കന്നൂർ.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 23-10-2025 18:26:38

സെക്ഷൻ ഓഫീസർ